# മീശ'യ്ക്കെതിരായ മീശയില്ലാത്ത ഷണ്ഡമൂർത്തികളുടെ പേക്കൂത്തുകൾ

**By: Web Desk | Thursday 26 July 2018 10:37 PM IST**





നേരെയുള്ള റോഡിലൂടെ നടന്നാൽ ഒരു അമ്പലത്തിന് മുന്നിലാണെത്തുക. രാവിലെ കുളിച്ച് ക്ഷേത്രത്തിൽ പോകുന്ന വെളുത്ത സുന്ദരികളെ കാണാം.

"പെൺകുട്ടികൾ എന്തിനാണിങ്ങനെ കുളിച്ച് സുന്ദരികളായി അമ്പലത്തിൽ പോകുന്നത്?" ആറുമാസം മുൻപുവരെ കൂടെ നടക്കാനുണ്ടായിരുന്ന സുഹൃത്ത് ഒരിക്കൽ ചോദിച്ചു.

"പ്രാർഥിക്കാൻ." ഞാൻ പറഞ്ഞു.

"അല്ല. നീ ഒന്നുകൂടി സൂക്ഷിച്ച് നോക്ക്. ഏറ്റവും നല്ല വസ്ത്രങ്ങളും ഏറ്റവും ഭംഗിയായണിഞ്ഞ് ഏറ്റവും ഒരുങ്ങി എന്തിനാണ് പ്രാർഥിക്കുന്നത്? തങ്ങൾ ലൈംഗികബന്ധത്തിലേർപ്പെടാൻ തയ്യാറാണെന്ന് അബോധപൂർവമായി പ്രഖ്യാപിക്കുകയാണവർ." ഞാൻ ചിരിച്ചു.

"അല്ലെങ്കിൽ അവരെന്താണ് മാസത്തിൽ നാലോ അഞ്ചോ ദിവസം അമ്പലത്തിൽ വരാത്തത്? തങ്ങൾ അതിന് തയ്യാറല്ലെന്ന് അറിയിക്കുകയാണ്. പ്രത്യേകിച്ചും അമ്പലത്തിലെ തിരുമേനി

**ഭീഷണികൾ, കയ്യേറ്റങ്ങൾ, അപഹസിക്കലുകൾ, തേജോവധം ചെയ്യലുകൾ, അപകീർത്തിപ്പെടുത്തലുകൾ, കൊലപാതകങ്ങൾ എന്നിവയെല്ലാം ഫാസിസത്തിന്റെ അവിഭാജ്യ അജൻഡകളിലൊന്നാണ്.**

എതിർസ്വരങ്ങളെയും വിമതശബ്ദങ്ങളെയും ചരിത്രവസ്തുതകളെയും സാംസ്കാരിക പ്രതിരോധങ്ങളെയും വർഗീയ ഫാസിസ്റ്റുകൾ നിരന്തരം ഭയപ്പെടുകയും ജുഗുപ്സാവഹവും ഹീനവുമായ നിലയിൽ അവയെ നിർമാർജനം ചെയ്യുകയും ചെയ്യും.

നരേന്ദ്ര ധബോൽക്കർ, ഗോവിന്ദ് പൻസാരെ, എം എം കൽബുർഗി, ഗൗരി ലങ്കേഷ് എന്നീ എഴുത്തിലെയും പ്രതികരണത്തിലെയും വിമതസ്വരത്തിലെയും രക്തസാക്ഷിത്വങ്ങൾ വർഗീയ ഫാസിസം ഉയർത്തുന്ന കൊടിയ അസഹിഷ്ണുതയുടെ ഭയാനകമായ അടയാളപത്രങ്ങളാണ്.

ഇറ്റലിയിൽ മുസോളിനിയും ജർമ്മനിയിൽ ഹിറ്റ്ലറും ഫാസിസ്റ്റ് ദുഷ്ട സാമ്രാജ്യങ്ങൾ കെട്ടിപ്പൊക്കുവാൻ ഭ്രാന്ത് കുടിയേറിയ ആൾക്കൂട്ടത്തെ ഏതേതെല്ലാം തരത്തിൽ ദുരുപയോഗം ചെയ്തുവെന്നും ചരിത്രത്തിലെ കറുത്ത പാഠങ്ങൾ അറിയിക്കുന്നുണ്ട്.

**കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവും മലയാള പൊതുസാഹിത്യത്തിലെ പ്രത്യാശയുമായ എസ് ഹരീഷാണ് സംഘപരിവാര ഫാസിസ്റ്റ് വേട്ടപ്പട്ടികളുടെ ഇര.**

'എഴുത്തോ നിന്റെ കഴുത്തോ?' എന്ന് പുരോഗമനേച്ഛുവായ എം ഗോവിന്ദൻ ഉയർത്തിയ ചോദ്യം മുന്നിൽ നിൽക്കുന്നുവെങ്കിലും 'കഴുത്ത്' രക്ഷിച്ചെടുക്കുവാൻ എഴുത്തിനെ ശവക്കുഴിയിൽ സമർപ്പിച്ച് മൗനത്തിന്റെയും ഭയത്തിന്റെയും ആശങ്കാകുലതകളുടെയും വാത്മീകത്തിൽ ഹരീഷിനെ പോലുള്ള എഴുത്തുകാർ ആപാദചൂഡം ആണ്ടിറങ്ങുവാൻ നിർബന്ധിതമാകുന്നു.
മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചുവന്ന 'മീശ' എന്ന നോവലിലെ ഖണ്ഡങ്ങളാണ് സംഘപരിവാര ഫാസിസ്റ്റുകളുടെ ഹാലിളക്കിയിരിക്കുന്നത്.
കേവലം മൂന്ന് ലക്കം മാത്രം അച്ചടിമഷി പുരണ്ട നോവൽ പിൻവലിക്കുവാനും ഒളിച്ചോട്ടുവാനും നോവലിസ്റ്റ് നിർബന്ധിതമായത് മലയാള സാഹിത്യത്തിലെ ഒരിക്കലും മായ്ച്ചാൽ മായാത്ത കളങ്കിതപാഠമാണ്.

അരനൂറ്റാണ്ട് മുമ്പുള്ള കുട്ടനാട്ടിലെ ജാതീയവ്യവസ്ഥയും അതിനുകീഴിലുള്ള ജീവിതയാഥാർത്ഥ്യങ്ങളും അനാവരണം ചെയ്യാനാണ് നോവലിസ്റ്റ് പരിശ്രമിച്ചത്. ആ കാലം ജന്മിത്ത നൃശംസതയുടെയും ജാതിപൗരോഹിത്യത്തിന്റെയും ദുർഗ്രഹങ്ങളായ മലീമസപാഠങ്ങൾ കൂടി ബാക്കിവച്ചതായിരുന്നു.

നമ്മുടെ സാഹിത്യ – കലാസൃഷ്ടികളിൽ ആ കാലത്തിന്റെ വീണ്ടെടുപ്പുകളും പുനർവായനകളും പലവേള ഉണ്ടായിട്ടുണ്ട്. അന്നൊന്നുമില്ലാത്ത അസഹിഷ്ണുതയാണ് മത-മൗലിക-വർഗീയ-ഫാസിസ്റ്റ് വേതാളങ്ങൾ ഇന്ന് സൃഷ്ടിക്കുന്നത്.

നോവലിലെ രണ്ട് കഥാപാത്രങ്ങൾ ക്ഷേത്രദർശനത്തിന് പോകുന്ന സ്ത്രീകളെക്കുറിച്ച് നടത്തുന്ന തീർത്തും ചെറുതായ സംഭാഷണത്തെ ഉയർത്തിപ്പിടിച്ചാണ് സംഘകുടുംബാംഗങ്ങൾ ഹരീഷിനും കുടുംബാംഗങ്ങൾക്കുമെതിരെ നവമാധ്യമങ്ങളിലൂടെയും അല്ലാതെയും അധിക്ഷേപവർഷങ്ങളും വധഭീഷണിയും മുഴക്കുന്നത്.
**ഭാര്യയുടെ ചിത്രംപോലും നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് കേട്ടാൽ അറപ്പുണ്ടാക്കുന്ന അസഭ്യവർഷം നടത്താൻ സനാതന ഹിന്ദുത്വവാദികളും സദാചാര പൊലീസുകളുമായവർക്ക് തെല്ലേതും മടിയില്ല. അത്തരക്കാരാണ് ഹിന്ദുത്വത്തിന്റെയും ദൈവീകതയുടെയും സനാതനധർമ്മങ്ങളുടെയും അടിയുറച്ച കാവൽഭടന്മാരെന്നാണ് അവരുടെ അജ്ഞതയിൽ നിന്നും ഉയിർകൊള്ളുന്ന ധാർഷ്ട്യം.**
ഹരീഷിനെ ആക്രമിക്കുന്നവർ ഹൈന്ദവ പുരാണങ്ങളോ ഇതിഹാസങ്ങളോ തൊട്ടുവായിച്ചിട്ടില്ലാത്തവരാണ്, അതിന്റെ പുറംചട്ടപോലും കണ്ടിട്ടില്ലാത്തവരാണെന്ന് നിസംശയം പറയാം.
വിദ്യാദേവതയായ സരസ്വതിയെ വന്ദിക്കുന്നത്

‘സരസ്വതീ നമസ്തുഭ്യം വരദേ കാമരൂപിണി’

എന്നാണ്.
ഭാരതത്തിലെ വിശ്വപ്രസിദ്ധങ്ങളായ അമ്പലങ്ങളിലെ ചേതോഹരങ്ങളായ ചിത്രരചനകൾ അദ്ഭുതപൂർവമായ ലൈംഗികതയുടെയും നഗ്നതയുടെയും വിളംബരങ്ങളാണ്. രതിചിത്രങ്ങൾ ആലേഖനം ചെയ്തിരിക്കുന്നതിന്റെ പേരിൽ ദൈവം കുടികൊള്ളുന്ന ഒരു അമ്പലവും സംഘ കുടുംബ ഫാസിസ്റ്റുകളാൽ ആക്രമിക്കപ്പെട്ട ചരിത്രമില്ല. ഖജുരാഹോയിലും നളന്ദയിലുമുള്ള അതിസൂക്ഷ്മതയുടേതായ ചിത്രകാവ്യങ്ങളും നഗ്നരതികേളികളുടെ ഉൽഫുല്ല ലോകത്തെ സമ്മാനിക്കുന്നുണ്ട്. ദൈവശിൽപങ്ങളിൽതന്നെ പലതും നഗ്നശിൽപങ്ങളാണ്.
ശ്രീകൃഷ്ണന്റെ രതികേളികൾ ഹൃദ്യപൂർവം വിവരിക്കുന്ന ജയദേവന്റെ ഗീതാഗോവിന്ദം പ്രണയമണിമുത്തുകൾ മാത്രമല്ല, രതികേളികളുടെ വൈകാരികതകൂടി പകർന്നുനൽകുന്നുണ്ട്.
ലോകത്തെ വിസ്മയിപ്പിച്ച ദാമ്പത്യശാസ്ത്രഗ്രന്ഥങ്ങൾ പിറവിയെടുത്തത് ഈ ഭാരതത്തിന്റെ മണ്ണിലാണ്. അതിന്റെ സ്രഷ്ടാക്കൾ മഹർഷിമാരായിരുന്നു. വാത്സ്യായനന്റെ കാമസൂത്രവും കല്യാണമല്ലന്റെ ദാമ്പത്യശാസ്ത്രഗ്രന്ഥവും മഹാകൊക്കോകശാസ്ത്രവുമെല്ലാം ഇതിൽ ചിലതുമാത്രം.
സ്ത്രീവിശുദ്ധതയെക്കുറിച്ചും സ്ത്രീസദാചാരത്തെക്കുറിച്ചും ആകുലപ്പെടുന്ന സംഘപരിവാര ഫാസിസ്റ്റുകൾ അഞ്ച് ഭർത്താക്കന്മാരെ ഒപ്പം കൊണ്ടുനടന്ന പാഞ്ചാലിയുടെയും പലരിൽ നിന്ന് പുത്ര◌ാരെ സൃഷ്ടിച്ച കുന്തിയേയും കുറിച്ച് ആകുലപ്പെടുന്നില്ല.
അവഗണിക്കപ്പെട്ട സീതയെപ്പോലുള്ളവരെ കുറിച്ചോർത്ത് വേദനിക്കുന്നുമില്ല.
മത്സ്യഗന്ധത്തിൽ നിന്ന് മോചനം നേടി കസ്തൂരിഗന്ധം സ്വയത്തമാക്കി കളിയോടത്തിൽവച്ച് പരാശരമഹർഷിയെപ്രാപിച്ച കസ്തൂരിഗന്ധിയെ കുറിച്ച് സദാചാര ഫാസിസ്റ്റുകൾക്ക് തെല്ലും പരിഭ്രവമില്ല. ഉഗ്രതപസ്സ് അനുഷ്ഠിക്കുന്ന വേളയിൽ ബ്രഹ്മചര്യം വെടിഞ്ഞ്, പ്രച്ഛന്നവേഷധാരിയായി എത്തിയ അപ്സരസുന്ദരി മേനകയിൽ ശകുന്തളയെ ജനിപ്പിച്ച വിശ്വമിത്രന്റെ സദാചാരത്തെ കുറിച്ച് അവർ കുപിതരാകുന്നില്ല.
മഹാകവികളിൽ അഗ്രേസരനായ കാളിദാസൻ ശിവപാർവതീ പ്രണയത്തെ അതിമനോഹരമായി വിവരിക്കുന്ന ‘കുമാരസംഭവ’ ത്തിലെ ശാരീരിക വർണനകളെയും രതിബിംബ കൽപനകളെയും അവർ ഹൃദയത്തിലേറ്റുവാങ്ങും.
ഇതെല്ലാം ഈശ്വരേച്ഛയാണെന്നാണ് സംഘപരിവാര ഫാസിസ്റ്റുകളുടെ വാദം.

ഇന്ന് അവർ ഉയർത്തിക്കൊണ്ടുനടക്കുന്ന ആൾദൈവങ്ങളുടെ വിഹാരങ്ങളും ദുർനടപ്പുകളും അവർക്കാഘോഷിക്കപ്പെടേണ്ടതാണ്. ബലാൽസംഗ വീരന്മാരും കൊലപാതകാഗ്രേസരന്മാരുമായ കപടദൈവങ്ങളെ മുൻനിർത്തിയാണ് ഹരീഷ് ഉൾപ്പെടെയുള്ളവരെ വേട്ടയാടി നിശബ്ദമാക്കാൻ സംഘികൾ യത്നിക്കുന്നത്.

വിശ്വവിഖ്യാത ചിത്രകാരൻ എം എഫ് ഹുസൈൻ ഹിന്ദുദൈവങ്ങളെ നഗ്നമായി വരച്ചു എന്നാക്ഷേപിച്ച് വധഭീഷണി ഉയർത്തി ഇന്ത്യ വിട്ടുപോകാൻ നിർബന്ധിതമാക്കി.

പെരുമാൾ മുരുകൻ, സവർണ ഫാസിസ്റ്റുകളുടെ ഭീഷണികൾക്കുമുന്നിൽ ശിരസ് കുമ്പിട്ട് നിലവിളിച്ചു: 'ഞാൻ എഴുത്തവസാനിപ്പിക്കുന്നു, തൂലിക താഴെവയ്ക്കുന്നു'വെന്ന്.

മേഴ്സലേ എന്ന തമിഴ് ചലച്ചിത്രവും പത്മാവതിയെന്ന ബോളിവുഡ് ചലച്ചിത്രവും നേരിട്ട ആക്രമണങ്ങളും താരങ്ങൾക്കും സംവിധായക പ്രതിഭകൾക്കും നേരെ ഉയർന്ന വധഭീഷണികളും ഇനാം പ്രഖ്യാപിക്കലുകളും നാം ഇതിനോട് കൂട്ടിവായിക്കണം.

ഈ അസഹിഷ്ണുത, ഫാസിസ്റ്റ് ഭീകരത ഒരു മതത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല. ഹൈന്ദവ ഫാസിസ്റ്റുകളെപ്പോലെതന്നെ മറ്റ് മതമൗലിവാദ ഭീകരശക്തികളും ആവിഷ്കാര സ്വാതന്ത്ര്യത്തിനും നിർഭയമായ എഴുത്തിനും നേരെ കൊലവിളികൾ മുഴക്കുന്നതിന്റെ നീചപാഠങ്ങൾ നമ്മുടെ മുന്നിലുണ്ട്.

സൽമാൻ ഖുർഷിദ് എന്ന എഴുത്തുകാരനുനേരെ ആയത്തുള്ള ഖൊമേനിമാരും തസ്‌ലിമാ നസ്രീനുനേരെ താലിബാനിസ്റ്റുകളും ഉയർത്തിയ ആഗോളാന്തരഭീഷണി വിട്ടുമാറാത്ത നടുക്കമായി ഇന്നും നിലനിൽക്കുന്നുണ്ട്.

പി എം ആന്റണിയുടെ ക്രിസ്തുവിന്റെ ആറാം തിരുമുറിവ് എന്ന നാടകം നേരിടേണ്ടിവന്ന നിരോധനങ്ങളും കലഹങ്ങളും ഇതിനൊപ്പം കൂട്ടിവായിക്കപ്പെടണം. ലോകപ്രസിദ്ധ ചാരസുന്ദരി മാതാഹരിയുടെ ജീവിതത്തെ അവലംബിച്ച് രചിക്കപ്പെട്ട 'മൃദംഗിയുടെ ദുർമൃത്യു' എന്ന നാടകത്തിന് ഭാഷാപോഷണിയിൽ ടോം വട്ടക്കുഴി വരച്ച ചിത്രത്തിനുനേരെ ഉയർന്ന കലഹവും ആ ലക്കം പിൻവലിക്കേണ്ടിവന്നതും സമകാലിക ചരിത്രത്തിന്റെ ഭാഗം. ചോദ്യപേപ്പറിൽ പ്രവാചകനെ നിന്ദിക്കുന്ന ചോദ്യം ഉൾപ്പെടുത്തി എന്നാരോപിച്ച് കൈ വെട്ടിമാറ്റപ്പെട്ട പ്രൊഫ. ടി കെ ജോസഫും വർഗീയ ഫാസിസ്റ്റുകളുടെ ബലിമൃഗം തന്നെ.

ദൈവബിംബത്തിന്റെ മുഖത്തേയ്ക്ക് കാർക്കിച്ച് തുപ്പുന്ന ഉടവാളേന്തിയ വെളിച്ചപ്പാടിനെ 'നിർമാല്യ'ത്തിലൂടെ സൃഷ്ടിച്ച എം ടി വാസുദേവൻ നായരെ നവകാല ഫാസിസ്റ്റുകൾ അന്ന് എങ്ങനെ നേരിടുമായിരുന്നുവെന്ന് ഹൃദയംപൊട്ടും വേദനയോടെ മാത്രമേ ഓർമ്മിക്കാനാകൂ.
യു ആർ അനന്തമൂർത്തി രാജ്യം വിട്ടുപോകേണ്ടവനാണെന്നും എം ടി നികൃഷ്ടനാണെന്നും ഗിരീഷ് കർണാട് മ്ലേച്ഛനാണെന്നും ഇത്തരക്കാർ വിളിച്ചുകൂവുന്നതിൽ സ്വബോധമുള്ളവർക്ക് തെല്ലും അത്ഭുതമല്ല.
സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ചരിത്രഗരിമയുള്ള മാതൃഭൂമി ആഴ്ചപ്പതിപ്പ് സംഘപരിവാര പ്രതിലോമകാരികളുടെ ഭീഷണികൾക്കും വിഷം ചീറ്റലിനും മുന്നിൽ തലകുനിച്ചുപോയിട്ടുണ്ടെങ്കിൽ? അത് ആ മാധ്യമപ്രസ്ഥാനത്തിനും കേരള സാംസ്കാരിക ചരിത്രത്തിനും തീർത്താൽ തീരാത്ത കളങ്കമാണ്.

അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും മതവൈരത്തെയും അസഹിഷ്ണുതയേയും എഴുത്തിലൂടെ പ്രതിരോധിച്ചും കലഹിച്ചുമാണ് നവസംസ്കാരവും ജീവിത ധന്യതയും നവോത്ഥാന ചിന്തയും പരുവപ്പെടുന്നത്.

**ഇരുട്ടുവന്ന് മൂടിനിറയുമ്പോൾ, 'വെളിച്ചം ദുഃഖമാണുണ്ണി ഇരുട്ടല്ലോ സുഖപ്രദം' എന്ന് കിരാതമൂർത്തികൾ പാടുമ്പോൾ, വെളിച്ചത്തിന്റെ കണികകൾ പൊലിയാതിരിക്കുവാൻ ഹരീഷുമാർക്കൊപ്പം നാം കാവൽ നിന്നീടണം. 'മീശയ്ക്കെതിരായ മീശയില്ലാത്ത ഷണ്ഡമൂർത്തികളുടെ പേക്കൂത്തുകൾക്ക് നാം കടിഞ്ഞാണിടണം.'**

വി.പി. ഉണ്ണികൃഷ്ണൻ (ജനയുഗം )

*bbpp*